പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3344 | 14/03/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഹോട്ടലുകളുടെ ലൈസൻസുകൾ റദ്ദാക്കുന്ന നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പും ഭക്ഷ്യ സുരക്ഷാ വിഭാഗവും നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വൃത്തിഹീനമായ സാഹചര്യത്തിൽ പഴകിയ ആഹാരസാധനങ്ങൾ വില്പന നടത്തിയത് കണ്ടെത്തി സംസ്ഥാനത്തെ എത്ര ഹോട്ടലുകളുടെ ലൈസൻസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ; | എ) | ലൈസൻസുകളൊന്നും റദ്ദാക്കിയിട്ടില്ല. ഭക്ഷ്യസുരക്ഷാ പരിശോധനയിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ ലൈസൻസ് സസ്പെൻഡ് ചെയ്യുകയാണ് ചെയ്യുന്നത് . |
| ബി) | ഇപ്രകാരം ലൈസൻസ് റദ്ദാക്കപ്പെടുന്ന ഹോട്ടലുകൾ ദിവസങ്ങൾക്കുള്ളിൽ തന്നെ വീണ്ടും പ്രവർത്തനം ആരംഭിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തുമ്പോൾ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിന് നോട്ടീസ് നൽകി ലൈസ ൻസ് സസ്പെൻഡ് ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പോരായ്മകൾ പരിഹരിച്ചതായി തുടർ പരിശോധനയിൽ ബോധ്യപ്പെട്ടാൽ ലൈസൻസ് സസ്പെൻഡ് ചെയ്തത് പിൻവലിക്കുകയും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുകയുമാണ് ചെയ്യുന്നത്. |
| സി) | വകുപ്പ് നൽകുന്ന ശിക്ഷാ നടപടികൾ ലഘുവായതിനാൽ സംഭവിക്കുന്ന ഇത്തരം കാര്യ ങ്ങൾ പരിഹരിക്കുന്നതിന് ആവ ശ്യമായ നിയമ ഭേദഗതിയ്ക്ക് തയ്യാറാകുമോ; വിശദമാക്കാമോ? | സി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരം മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവ് ശിക്ഷയും, പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയുമാണ്. ഇത് ലഘുവായ ശിക്ഷയല്ല. |

സെക്ഷൻ ഓഫീസർ